## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:*173 06.07.2015 ൽ മറുപടിക്ക്

### റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.ശശി :<br>,, സി.ദിവാകരൻ :<br>,, ചിറ്റയം ഗോപകുമാർ :<br>,, ഇ.കെ.വിജയൻ : | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | റോഡപകടങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത ബോധവൽക്കരണ പരിപാടി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ പരിപാടി നിറുത്താനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | റോഡുകളുടെ ശോച്യാവസ്ഥ വാഹനാപകടങ്ങൾക്ക് കാരണമാകുന്നുണ്ടോ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ റോഡപകടങ്ങളും മരണങ്ങളും നടക്കുന്ന കരുനാഗപ്പള്ളി നാഷണൽ ഹൈവേയിൽ ട്രാഫിക്ക് യൂണിറ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്.<br>കരുനാഗപ്പള്ളി നാഷണൽ ഹൈവേയിൽ ട്രാഫിക് യൂണിറ്റ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലാണ്. |
| (സി) | രാത്രികാല അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കുമോ? | (സി) | രാത്രികാല അപകടങ്ങൾ ഒഴിവാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹൈവേ പെട്രോളിംഗ് സംവിധാനം നിലവിലുണ്ട്. കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന മേഖലകളിൽ സിഗ്നൽ ലൈറ്റുകളും, സിഗ്നൽ ബോർഡുകളും സ്ഥാപിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. രാത്രികാല അപകടങ്ങൾ ഒഴിവാക്കുന്നതിന് വാഹനം ഓടിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ഡ്രൈവർ മാർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകുകയും, വളവുകളിലും റോഡ് കട്ടിംഗ് മീഡിയനുകളിലും റിഫ്ളക്ടറുകൾ |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിയും റോഡുകളിലെ അപകട മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകളും ഇല്ലുമിനേഷൻ സ്റ്റഡും റിഫ്ളക്ടറുകളും സ്ഥാപിക്കുകയും ചെയ്തു വരുന്നു. റോഡുകളിൽ തെരുവ് വിളക്കുകൾ പ്രവർത്തന യോഗ്യമാക്കുക, റോഡിലെ കുഴികൾ മൂടുക, ആവശ്യമായ സ്ഥലങ്ങളിൽ സിഗ്നലുകൾ സ്ഥാപിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. വാഹനങ്ങളുടെ വെളിച്ച ക്രമീകരണങ്ങൾ ശരിയായ വിധം പാലിക്കാതെ വാഹനമോടിക്കുന്നവർക്കെതിരെ നടപടി സ്വീകരിച്ചും മദ്യപിച്ച് വാഹനം ഓടിക്കുന്നുണ്ടോ എന്ന് ഹൈവേ പോലീസിന്റെ സഹായത്തോടെ പരിശോധിച്ചും രാത്രികാലങ്ങളിൽ ദീർഘദൂരം ഡ്രൈവ് ചെയ്തു വരുന്ന ഡ്രൈവർമാർക്ക് സന്നദ്ധ സംഘടനകളുമായി ചേർന്ന് ചുക്ക് കാപ്പി വിതരണം ചെയ്ത് റിഫ്രഷ്മെന്റ് നടത്തിയും രാത്രികാല അപകടങ്ങൾ ഒഴിവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ